# യോഹ: 2:1 – 11

ഫെബ്രുവരി 15 : കൊത്തിനെ ഞായർ

## ഭാഷ്യം

## യോഹ: 2:1 – 11

### I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകത്തിന്റെ (യോഹ 1:19–12:50) ആദ്യ ഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം (2:1–11). സമാന്തര സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായിട്ടാണ് (3:24) യോഹന്നാൻ ക്രിസ്തുവിന്റെ അടയാളങ്ങളെ അവതരിപ്പിക്കുന്നത്. അപ്രകാരമുള്ള ഏഴ് അടയാളങ്ങളിൽ ആദ്യത്തേതാണ് ഈ വേദഭാഗം.

### II. പ്രമേയം

എല്ലാ അടയാളങ്ങളും ഈശോയുടെ മഹത്വീകരണത്തെ ലക്ഷ്യം വച്ചുള്ളതാണ്. പതിനൊന്നാം വാക്യം അതാണ് സൂചിപ്പിക്കുന്നത്; യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് കാനായിൽ ചെയ്ത ഈ അത്ഭുതം.

### III. സന്ദേശം

1. അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പ്രകടമാക്കാൻ തുടങ്ങിയ ക്രിസ്തുവിന്റെ മഹത്വം പൂർണ്ണമാകുന്നത് പീഡാസഹനങ്ങളിലൂടെയും മരണത്തിലൂടെയും ഉയിർപ്പിലൂടെയുമാണ്. ക്രിസ്തു മരിക്കുക എന്നതിലുപരിയായി കുരിശിൽ മഹത്വം പ്രാപിക്കുക എന്നു മനസ്സിലാക്കുകയാണ് വിശ്വാസ വളർച്ചയ്ക്കാധാരം.

2. അടയാളങ്ങൾ വിശ്വാസത്തിലേയ്ക്ക് നയിക്കുന്നതാകുന്നു. കാനായിൽ സംഭവിച്ച അടയാളത്തിനുശേഷം ശിഷ്യന്മാർ ക്രിസ്തുവിൽ വിശ്വസിക്കുന്നതായി (2:11) സുവിശേഷം സാക്ഷിക്കുന്നു. കുരിശിൽ വെളിപ്പെടുന്ന ക്രിസ്തുവിന്റെ മഹത്വീകരണം മനസ്സിലാക്കാൻ സഹായകമായിരുന്നു ആദ്യ അടയാളം. വിശ്വാസത്തിലേയ്ക്കു നയിക്കാത്ത അടയാളങ്ങൾ സത്യത്തിനു സാക്ഷ്യം നൽകുന്നില്ല, അവ ദൈവികവുമായിരിക്കില്ല.

3. അസാധ്യതകളുടെ മേലുള്ള ക്രിസ്തുവിന്റെ അധികാരവും ചിന്തനീ

യമാണ്. വെള്ളം വീഞ്ഞാക്കുകമൂലവും സമൃദ്ധമായി വീഞ്ഞ് സുലഭമാക്കുകവഴിയും അസാധ്യമായ ജീവിത യാഥാർത്ഥ്യങ്ങൾക്കുമേലുള്ള അവന്റെ അധികാരം വെളിവാക്കുന്നു. ഇനിമേൽ മനുഷ്യജീവിതത്തിൽ അസാധ്യമെന്നു കരുതുന്ന പലതിനുമുള്ള ഉത്തരം ക്രിസ്തുവിന്റെ വാക്കുകൾക്കുണ്ട്. അവൻ പറയുന്നതുപോലെ ചെയ്യുമ്പോൾ രാസമാറ്റവും പദാർത്ഥമാറ്റവും മാത്രമല്ല, ആത്മീയവും ഭൗതികവുമായ ജീവിതത്തിലും മാറ്റങ്ങൾ സംഭവിക്കും.

**ഫാ. ഗീവർഗ്ഗീസ് കൈതവന**

## പ്രസംഗം: മുന്തിരിച്ചെടിയുടെ ചോര

വെള്ളം വീഞ്ഞാകുക എത്ര സുന്ദരമായ അത്ഭുതം. പ്രകൃതിയിലുമുണ്ട് ഇത്തരം അത്ഭുതങ്ങൾ. മുന്തിരിച്ചെടികൾ വെള്ളത്തെ മുന്തിരിയാക്കുന്നു. ഈ മുന്തിരിയിൽ നിന്നും വീഞ്ഞിലേക്കുള്ള ദൂരം നിഗൂഢമാണ്. കാനായിൽ വക്കോളം നിറഞ്ഞ ഭരണികളിലെ ജലം മുന്തിരിച്ചെടിയായ ക്രിസ്തുവിലൂടെ വീഞ്ഞായി പരിണമിക്കുന്നു. വീഞ്ഞെന്നാൽ മുന്തിരിച്ചെടിയുടെ ചോരയെന്നു വേണം മനസ്സിലാക്കാൻ.

ക്രിസ്തു മുന്തിരിച്ചെടിയാണെന്ന് യോഹന്നാൻ പറയുമ്പോൾ നിനച്ചുകൊള്ളുക ഏതു ജലവും ഏറ്റവും നല്ല വീഞ്ഞായി പരിണമിക്കാനുള്ള സാധ്യതയുണ്ടെന്ന്. നമുക്ക് നമ്മുടെ ജലങ്ങളെ, ഉറവകളെ ക്രിസ്തുവിന്റെ വേരിനു സമർപ്പിക്കാം. ക്രിസ്തു എല്ലാ ജലങ്ങളേയും വീഞ്ഞായി പരിണമിപ്പിക്കുന്ന മുന്തിരിച്ചെടിയാണ്.

മൂന്നു തരം ഹീബ്രു പദങ്ങൾ വീഞ്ഞിനായി ബൈബിളിൽ ഉപയോഗിക്കുന്നുണ്ട്. ഒന്നാമത്തേത് 'വയിൻ;' അത് സാധാരണക്കാരന്റെ വീഞ്ഞാണ്. സാധാരണ വീഞ്ഞിനുപയോഗിക്കുന്ന പദവുമാണ്. രണ്ടാമത്തെ പദം 'പെയാർ' എന്നാണ്. ലഹരിയുള്ള വീഞ്ഞിനുപയോഗിക്കുന്ന വാക്ക്. ലഹരിയുള്ള പാനീയം എന്നാണർത്ഥം. മൂന്നാമത്തേത് 'പെറൂഷ്;' പുതുവീഞ്ഞ് എന്നർത്ഥം. ഉയർന്ന ലഹരിയുള്ള, ഗുണമേന്മയുള്ള വീഞ്ഞിനാണ് ഈ പദം ഉപയോഗിക്കുക. ഈശോ വെള്ളം വീഞ്ഞാക്കിയപ്പോൾ യോഹന്നാൻ മൂന്നാമത്തെ പദമാണ് ഉപയോഗിക്കുന്നത്. അർത്ഥം വളരെ ലളിതം; ക്രിസ്തു വന്നിരിക്കുന്നത് ഏറ്റവും മേന്മയുള്ള, ലഹരിയുള്ള, ഗുണമുള്ള ഒരു പുതുവീഞ്ഞ് നൽകാനായിട്ടാണ്. പഴയ നിയമം ജനത്തിനു സമ്മാനിച്ചത് ഏറ്റവും സംശുദ്ധമായ, പാറയിൽ നിന്നുള്ള ജലമാണ്. മോശ പാറയിൽ അടിച്ചപ്പോൾ ജലം പുറപ്പെട്ടു. ക്രിസ്തു അതിന്റെ തുടർച്ചയും പൂർത്തീകരണവും ആണല്ലോ. പുതിയ നിയമത്തിൽ ക്രിസ്തു ആ വെള്ളത്തെ ഏറ്റവും ലഹരിയുള്ള, ഗുണമുള്ള പുതിയ വീഞ്ഞാക്കി മാറ്റി.

ആറ് കൽഭരണികളിലെ വെള്ളമാണ് വീഞ്ഞാക്കി മാറ്റിയത്. ഓരോന്നിലും വക്കോളമുണ്ടായിരുന്നുവെന്നും, രണ്ടോ, മൂന്നോ അളവുകൊള്ളുമായിരുന്നു

എന്നും യോഹന്നാൻ രേഖപ്പെടുത്തുന്നു. ഒമ്പത് ഗാലോൺ ചേർന്നതാണ് ഒരു അളവ്. ഒരു കുടത്തിൽ 30 ഗാലോൺ വച്ച് ആറ് കുടത്തിൽ 180 ഗാലോൺ ജലം വരും. അത് ഏകദേശം 900 ലിറ്റർ ജലമുണ്ട്. ഒരു വിവാഹ വിരുന്നിനും ഇത്രയും വീഞ്ഞിന്റെ ആവശ്യമുണ്ടാവില്ല. എന്നിട്ടും ക്രിസ്തു എല്ലാ കുടങ്ങളിലേയും വെള്ളത്തെ വീഞ്ഞാക്കി മാറ്റി. അവരുടെ കുടുംബങ്ങളെ സമൃദ്ധിയുള്ളതാക്കി മാറ്റി എന്നർത്ഥം.

എല്ലാവരുടേയും വിശപ്പടക്കിക്കഴിഞ്ഞ് കുറെ അപ്പക്കഷണങ്ങൾ ബാക്കിയായ സംഭവം നമ്മൾ വായിക്കുന്നുണ്ട്. വരുവാനിരിക്കുന്ന ദൈവകൃപയുടെയും, ദൈവസ്നേഹത്തിന്റെയും ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരു പോലെ പെയ്യുന്ന മഹാകാരുണ്യത്തിന്റെയും അടയാളമാണിത്. ഏതൊരു വിവാഹത്തിന്റെയും ആകർഷണം മണവാളനും, മണവാട്ടിയുമാണ്. മണവാളനും, മണവാട്ടിയുമില്ലെങ്കിൽ വിവാഹമില്ല; വിരുന്നിനു പ്രസക്തിയുമില്ല. കാനായിലെ കല്ല്യാണ വിരുന്നിന്റെ വിവരണത്തിൽ മണവാട്ടിയെക്കുറിച്ച് സുവിശേഷം നിശബ്ദത പാലിക്കുന്നു. മണവാളനെക്കുറിച്ച് പരോക്ഷമായ ഒരു പരാമർശമേയുള്ളൂ. യഹൂദ ആചാര പ്രകാരം വിവാഹ വിരുന്നിന് ക്ഷണിക്കപ്പെട്ടവർക്ക് മതിയാവോളം വീഞ്ഞ്  കൊടുക്കുക എന്നത് മണവാളന്റെ ഉത്തരവാദിത്വമാണ്. മാത്രമല്ല വീഞ്ഞ് രുചിച്ചു നോക്കിയിട്ട് കലവറ പ്രമാണിയുടെ സാക്ഷ്യവും യോഹന്നാൻ രേഖപ്പെടുത്തുന്നു. ഇതെല്ലാം രേഖപ്പെടുത്തിക്കൊണ്ട്, യോഹന്നാൻ വിരൽ ചൂണ്ടുന്നത് ക്രിസ്തുവിലേക്കാണ്. ക്രിസ്തുവാണ് യഥാർത്ഥ മണവാളൻ.

അവസാനമായി, യോഹന്നാൻ എഴുതുന്നു: യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു വേണ്ടി പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഇതെന്ന്. അങ്ങനെ ദൈവത്തിന്റെ മഹത്വം ആദ്യമായി വെളിപ്പെട്ടത് ഒരു വിവാഹ വിരുന്നിലാണ്. വിവാഹമെന്നല്ല എല്ലാ ബന്ധങ്ങളും സൗഹൃദങ്ങളും ദൈവത്തിന്റെ മഹത്വം വെളിപ്പെടാൻ വേണ്ടിയാകണമെന്ന് ഇതിൽ സൂചനയുണ്ട്. ഇടയന്മാരുടെ പക്കലേക്ക് 'സദ്വാർത്ത'യുമായി മാലാഖയെത്തിയപ്പോൾ ലൂക്കാ രേഖപ്പെടുത്തുന്നു: "കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു" (ലൂക്കാ 2:9). കർത്താവിന്റെ മഹത്വം നമ്മിൽ വെളിവാക്കത്തക്ക വിധവും പ്രകാശിക്കത്തക്കവിധവും ജീവിതം ക്രിസ്തുവെന്ന മുന്തിരിച്ചെടിയുടെ വേരിനു നൽകാം; വീഞ്ഞ് മുന്തിരിച്ചെടിയുടെ ചോരയാണെന്ന സത്യം ഓർത്ത് കൊണ്ട്.

**ഫാ. സെബാസ്റ്റ്യൻ തോബിയാസ്**